<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 869**</u> <u>**11-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ മണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന എത്ര പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങളുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | **പുനലൂർ മണ്ഡലത്തിൽ പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘങ്ങൾ നിലവിൽ പ്രവർത്തനക്ഷമമല്ല.** |
| (ബി) | പ്രവർത്തനം അവസാനിപ്പിച്ച സംഘങ്ങൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ; | (ബി) | 3 സംഘങ്ങൾ.<br>1) **Q 800- അച്ചൻകോവിൽ ഗിരിജൻ CS Ltd-** സംഘത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതി നിലവിലുണ്ട്. സംഘം തുറന്ന് പ്രവർത്തിക്കുന്നില്ല.<br>2) **Q 978 ആര്യങ്കാവ് ഗിരിജൻ CS Lid -** സംഘത്തിൽ ഭരണ സമിതി നിലവിലില്ല. സംഘം സെക്രട്ടറി അനധികൃതമായി അവധിയിലാണ്. മൂന്നംഗ അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയാണ് നിലവിലുള്ളത്.<br><br>3) **Q 566 ഉറുകുന്ന് SC/ST CS Ltd – സംഘത്തിൽ ഭരണസമിതി നിലവിലില്ല. സംഘത്തിൽ സ്ഥിരം ജീവനക്കാരില്ല.** |
| (സി) | കൊല്ലം ജില്ലയിലെ ആര്യങ്കാവ് പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം പ്രവർത്തനം അവസാനിപ്പിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (സി) | **സംഘത്തിൽ ഭരണസമിതി നിലവിലില്ലാത്തതും സംഘം സെക്രട്ടറി അനധികൃതമായി അവധിയിലായതുമാണ് സംഘം പ്രവർത്തനം അവസാനിപ്പിക്കാനിടയായ സാഹചര്യം. മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയാണ് നിലവിലുള്ളത്.** |
| (ഡി) | പ്രസ്തുത സംഘത്തിൽ തെരഞ്ഞെടുപ്പ് നടത്തി ആയതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് സഹകരണ വകുപ്പ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), പുനലൂർ മുഖേന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | സംഘത്തിൽ 28-02-2025ൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിന് സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ